**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6043** **17-03-2023 - ൽ മറുപടിയ്ക്ക്**

**ലക്കി ബിൽ ആപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ലക്കി ബിൽ ആപ്പ് നിർമ്മിക്കുന്നതിലേക്കായി ചിലവഴിച്ച തുകയുടെ വിശദാംശം അറിയിക്കുമോ; | (എ) | ലക്കിബിൽ ആപ്പ് ഡെവലപ്പ് ചെയ്തത് ഡാറ്റ അനലിറ്റിക്സ് പ്രോജക്ടിൽ ഉൾപ്പെടുത്തിയാണ്. ലക്കിബിൽ ആപ്പിന് വേണ്ടി 32.5 ലക്ഷം രൂപയാണ് പ്രത്യേകമായി ചിലവഴിച്ചിട്ടുള്ളത്. |
| (ബി) | ഇത് വരെ എത്ര ജനങ്ങൾ പ്രസ്തുത ആപ്പ് തിരഞ്ഞെടുത്തു എന്ന് വ്യക്തമാക്കാമോ; | (ബി) | 14/03/2023 വരെ 1,10,796 പേർ പ്രസ്തുത ആപ്പ് തിരഞ്ഞെടുത്തു. |
| (സി) | പ്രസ്തുത ആപ്പിന്റെ പ്രചരണത്തിന് എത്ര രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ; | (സി) | ലക്കി ബിൽ ആപ്പിന്റെ പ്രചരണത്തിന് ആകെ 2,17,96,361 രൂപ ചെലവഴിച്ചു. |
| (ഡി) | പ്രസ്തുത ആപ്പ് വഴി സമാഹരിച്ച മൊത്തം ബില്ലുകളുടെ എണ്ണം എത്ര; ഇതിൽ എത്ര ബില്ലുകൾ പരിശോധിച്ചു; എത്ര രൂപയുടെ നികുതി വെട്ടിപ്പ് കണ്ടെത്തി; വ്യക്തമാക്കുമോ? | (ഡി) | 14/03/2023 വരെ 11,41,562 ബില്ലുകൾ ലക്കി ബിൽ ആപ്പ് വഴി സമാഹരിച്ചു. നികുതി വെട്ടിപ്പ് കണ്ടെത്തുന്നതിന്, ആവശ്യമായ സമയത്തു ഇന്റലിജൻസ് വിഭാഗം വിവരങ്ങൾ ആവശ്യപ്പെടുന്ന മുറയ്ക്ക് നൽകുന്നുണ്ട്. ബന്ധപ്പെട്ട കേസുകൾ പരിശോധന ഘട്ടത്തിൽ ആയതിനാൽ തുക നിർണ്ണയിക്കാൻ കഴിയില്ല. കൂടാതെ പുതിയതായി ആരംഭിച്ച ഓഡിറ്റ് വിഭാഗത്തിനും കണക്കുകൾ പരിശോധിക്കാൻ ഈ ബില്ലുകൾ സഹായകരമാണ്. |

സെക്ഷൻ ഓഫീസർ